**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 818** **06-02-2023 - ൽ മറുപടിയ്ക്ക്**

**അംബേദ്കർ ഗ്രാമപദ്ധതി - നിർവ്വഹണ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ലിന്റോ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടിക ജാതി പട്ടിക വർഗ്ഗ കോളനികളിൽ നടപ്പിലാക്കുന്ന അംബേദ്കർ ഗ്രാമപദ്ധതി നിർവ്വഹണത്തിന് സർക്കാർ നിയന്ത്രിത ഏജൻസികളെ തന്നെ നിശ്ചയിക്കണമെന്ന് മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) | ഉണ്ട്. അംബേദ്കർ ഗ്രാമം പദ്ധതിയുടെ നിലവിലെ മാനദണ്ഡപ്രകാരം 04.07.2019 – ലെ സ.ഉ(അച്ചടി) നം.77/2019/ഫിൻ പ്രകാരം നിശ്ചയിച്ചിട്ടുള്ള അംഗീകൃത സർക്കാർ ഏജൻസിയിൽ നിന്നു മാത്രമേ നിർവഹണ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത ഏജൻസികൾ ഏറ്റെടുത്ത മിക്ക കോളനി വികസന പദ്ധതികളും സമയബന്ധിതമായി പൂർത്തീകരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വകുപ്പ് മന്ത്രിതലത്തിൽ നടത്തിയ അവലോകന യോഗങ്ങളിൽ നൽകിയ കർശന നിർദ്ദേശത്തെ തുടർന്ന് 2012-13 വർഷം മുതൽ 2019-20 വരെയുള്ള വർഷങ്ങളിൽ സ്വയംപര്യാപ്ത ഗ്രാമം / അംബേദ്കർ ഗ്രാമം പദ്ധതികളിൽ ഉൾപ്പെടുത്തിയിരുന്നതും എന്നാൽ പൂർത്തീകരിക്കാതെ കിടന്നിരുന്നതുമായ 84% കോളനികളിലെയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |
| (സി) | എങ്കിൽ നിർവ്വഹണ ഏജൻസികളെ മാറ്റി സർക്കാർ വകുപ്പുകളെ തന്നെ ചുമതലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നതിനാവശ്യമായ ഭേദഗതികൾ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ